**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2653** **24-06-2024 - ൽ മറുപടിയ്ക്ക്**

**സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിലെ എത്ര സർക്കാർ സ്ഥാപനങ്ങളിലും വിദ്യാലയങ്ങളിലും സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്; കണക്കുകൾ നൽകാമോ; | (എ) | കാസർഗോഡ് ജില്ലയിൽ കെ.എസ്.ഇ.ബി.എൽ. മുഖേന 15 സർക്കാർ സ്ഥാപനങ്ങളിലും, 25 സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും, അനെർട്ട് മുഖേന 15 സർക്കാർ സ്ഥാപനങ്ങളിലും (ആകെ 238 kW), 34 വിദ്യാലയങ്ങളിലും (ആകെ 287 kW) സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. |
| (ബി) | ഇവയിലൂടെ പ്രതിമാസം എത്ര യൂണിറ്റ് വൈദ്യുതിയാണ് ഉല്പാദിപ്പിക്കുന്നതെന്ന് വിശദമാക്കാമോ; | (ബി) | കെ.എസ്.ഇ.ബി.എൽ. മുഖേന ഇവയിലൂടെ പ്രതിമാസം ശരാശരി 2,40,412 യൂണിറ്റ് വൈദ്യുതിയും അനെർട്ട് മുഖേന 63,000 യൂണിറ്റ് (15 സർക്കാർ സ്ഥാപനങ്ങളിൽ 28,560 യൂണിറ്റ് + 34 സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 34,440 യൂണിറ്റ്) വൈദ്യുതിയും ഉത്പാദിപ്പിക്കുന്നുണ്ട്. |
| (സി) | എത്ര വീടുകളിലും വിദ്യാലയങ്ങളിലും സർക്കാർ സ്ഥാപനങ്ങളിലുമാണ് സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കാൻ അപേക്ഷ ലഭിച്ചതെന്ന് വിശദമാക്കാമോ? | (സി) | കാസർഗോഡ് ജില്ലയിൽ കെ.എസ്.ഇ.ബി.എൽ.-ന് 2,924 വീടുകളിലും, 16 സർക്കാർ വിദ്യാലയങ്ങളിലും, കാസറഗോഡ് ജനറൽ ആശുപത്രിയിലും, 10 സർക്കാർ സ്ഥാപനങ്ങളിലും അനെർട്ടിന് 1 വിദ്യാലയത്തിലും, 8 സർക്കാർ സ്ഥാപനങ്ങളിലുമാണ് സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കാൻ പുതിയതായി അപേക്ഷ ലഭിച്ചത്. |

സെക്ഷൻ ഓഫീസർ